# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.68/PR/PIC/PHQ/18                                                                 Date : 16.03.2018

---

**പോലീസിൽ നീന്തൽ, കളരി, ഫിസിയോതെറാപ്പി കേന്ദ്രങ്ങൾ ആരംഭിക്കുന്നു.**

കായികരംഗത്തെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേരളപോലീസ് നീന്തൽ, കളരി എന്നിവയ്ക്കായി പ്രത്യേക പരിശീലന കേന്ദ്രങ്ങൾ തിരുവനന്തപുരത്ത് ആരംഭിക്കുന്നു. ഇതോടൊപ്പം ആധുനിക സൗകര്യമുള്ള ഫിസിയോ തെറാപ്പി കേന്ദ്രവും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. ഈ മേഖലയിൽ പ്രാവീണ്യമോ, യോഗ്യതാ സർട്ടിഫിക്കറ്റോ, സാങ്കേതിക പരിജ്ഞാനമോ ഉള്ള പോലീസ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്ത് ഈ കേന്ദങ്ങളിൽ നിയോഗിക്കും നീന്തലിൽ വനിതകളെയും കളരി, ഫിസിയോതെറാപ്പി എന്നീ കേന്ദ്രങ്ങിൽ വനിതകളെയും പുരുഷൻമാരെയും നിയമിക്കും. യോഗ്യതയും താല്പര്യവും ഉള്ള പോലീസ് ഉദ്യോഗസ്ഥർ igptvmrange.pol@kerala.gov.in എന്ന മെയിൽ ഐഡിയിലോ, തപാൽ മാർഗമോ മാർച്ച് 25 നകം തിരുവനന്തപുരം റേഞ്ച് ഐ.ജിക്ക് അപേക്ഷ നൽകണം.

****************